"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം- ആംഡ് പോലീസ് ബറ്റാലിയനിലെ താൽക്കാലിക പരിശീലക തസ്തികകൾക്കും ക്യാമ്പ് ഫോളോവർ തസ്തികകൾക്കും തുടർച്ചാനുമതി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തരം (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2255/2025/HOME തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-
1. 23.08.2023 തീയ്യതിയിലെ സ.ഉ (കൈ) നം.190/2023/ആഭ്യന്തരം.
2. സംസ്ഥാന പോലീസ് മേധാവിയുടെ 18.04.2024, 29.11.2024, 11.06.2025 തീയതിയിലെ L6-59158/2023/PHQ നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരളാ ആംഡ് പോലീസ് ബറ്റാലിയനിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ ട്രയിനികളുടെ പരിശീലനത്തിന് തടസ്സം ഉണ്ടാകാതിരിക്കാനായി അവരുടെ പരിശീലനം അവസാനിക്കുന്നതുവരെ 673 താൽക്കാലിക ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾ 2010-ൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നും കേരളാ ആംഡ് പോലീസ് ബറ്റാലിയനിൽ പരിശീലനത്തിനായി നിയമിക്കപ്പെടുന്ന റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിനായി ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾ സൃഷ്ടിച്ചും ആയതിന് തുടർച്ചാനുമതി നൽകിയും വന്നിരുന്നു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം 1200 പോലീസ് കോൺസ്റ്റബിൾ, 200 വനിതാ പോലീസ് കോൺസ്റ്റബിൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി 04.03.2023 തീയതി മുതൽ ഒരു വർഷത്തേക്ക് 613 തസ്തികകൾക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (AC, API, APSI, Havildar, Camp Follower എന്നിവ).

2) നിലവിൽ വിവിധ ബറ്റാലിയനുകളിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിങ് നടക്കുന്നതിനാലും പുതിയ റാങ്ക് ലിസ്റ്റ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സാഹചര്യത്തിലും **413** പരിശീലക തസ്തികകൾക്കും കൂടാതെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഭക്ഷണം, പരിശീലനത്തിന് വേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി **200** ക്യാമ്പ് ഫോളോവർ (കുക്ക്/ബാർബർ/സ്വീപ്പർ) തസ്തികകൾക്കും തുടർച്ചാനുമതി ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും **03.03.2024** തീയതിയിൽ അവസാനിച്ച താത്കാലിക പരിശീലക തസ്തികകളുടെ തുടർച്ചാനുമതി **2026** മേയ് **31** വരെ നൽകണമെന്നും പരാമർശം **(2)** പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് സേനയിലെ പ്രാഥമികതലം മുതൽ ഉയർന്ന പ്രാഗത്ഭ്യം ആവശ്യമുള്ള തസ്തികകൾ വരെയുള്ള നിയമനത്തിന് കഠിനമേറിയ പരിശീലനം നൽകുന്നതിന് പ്രാപ്തമായ സംവിധാനം ഉണ്ടാകേണ്ടത് പ്രൊഫഷണൽ സമീപനത്തിന്റെ ഭാഗമാണ്. എല്ലാ സേനാംഗങ്ങൾക്കും പരിശീലനം നൽകുന്നതിന് പോലീസിന്റെ പരിശീലനകേന്ദ്രങ്ങൾ വിനിയോഗിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. തുടർ പരിശീലനവും നൽകിവരുന്നുണ്ട്. അനിവാര്യമായ ഘട്ടങ്ങളിൽ ക്രമസമാധാനപരിപാലനത്തിന് പരിശീലനത്തിനായി നിയോഗിച്ചിട്ടുള്ള ഉയർന്ന ഉദ്യോഗസ്ഥരെയടക്കം വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പരിശീലനത്തിന് തടസ്സം ഉണ്ടാകാതിരിക്കാനാണ് **2010**-ൽ ഇൻസ്ട്രക്ഷണൽ തസ്തികകൾ താൽക്കാലികമായി അനുവദിച്ചത്. ആവശ്യം വിലയിരുത്തി അനിവാര്യമായ തസ്തികകൾക്ക് തുടർച്ചാനുമതിയും നൽകിയിരുന്നു. സേനയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ഒരു റിക്രൂട്ട്മെന്റ് പൂർത്തിയാകുന്നതിന് തുടർച്ചയായി അടുത്ത പട്ടിക പ്രസിദ്ധീകരിക്കപ്പെടും. പരിശീലനകേന്ദ്രത്തിൽ ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവരുടെ ചുമതലകൾ പ്രധാനമാണ്.

5) ഈ സാഹചര്യത്തിൽ സായുധ പോലീസ് ബറ്റാലിയനിൽ റിക്രൂട്ട് പോലീസ്

കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിനായി **413** താൽക്കാലിക പരിശീലക തസ്തികകൾക്കും **200** ക്യാമ്പ് ഫോളോവർ തസ്തികകൾക്കും ( മൊത്തം **613** തസ്തികകൾ) **04.03.2024** മുതൽ **31.05.2026** വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),കേരളം, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ് (Vide EXP-A1/162/2014-Fin)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (A1/109/2024/Home)

ഉത്തരവിൻ പ്രകാരം

Signed by
Deepu B K
Date: 04-07-2025 14:56:56

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. എ1/109/2024/ആഭ്യന്തരം. ഇനം നം: 3098

വിഷയം : ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പിലെ 413 താൽക്കാലിക പരിശീലക തസ്തികകൾക്കും 200 ക്യാമ്പ് ഫോളോവർ തസ്തികകൾക്കും തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

DS (A)
PL put up draft
2/7/25

3098

| കേരള സർക്കാർ<br>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1 | ഫയൽനമ്പർ | എ 1/109/2024/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (എ) വകുപ്പ് |
| 3 | വിഷയം | പോലീസ് വകുപ്പിലെ 413 താത്കാലിക പരിശീലക തസ്തികകൾക്കും 200 ക്യാമ്പ് ഫോളോവർ തസ്തികകൾക്കും തുടരനുമതി നൽകുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29-03-2025 |
| 5 | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ് |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. പ്രിയമോൾ.എം.പി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18/06/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/06/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/06/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01/07/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരളാ ആംഡ് പോലീസ് ബറ്റാലിയനിൽ ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾക്കും (413) ക്യാമ്പ് ഫൊളോവർ തസ്തികകൾക്കും (200) 04.03.2024 മുതൽ 31.05.2026 വരെ തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ ട്രയിനികളുടെ പരിശീലനത്തിന് തടസ്സം ഉണ്ടാകാതിരിക്കാനായി അവരുടെ പരിശീലനം അവസാനിക്കുന്നതുവരെ 673 താൽക്കാലിക ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾ 2010-ൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നും കേരളാ ആംഡ് പോലീസ് ബറ്റാലിയനിൽ പരിശീലനത്തിനായി നിയമിക്കപ്പെടുന്ന റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിനായി ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾ സൃഷ്ടിച്ചും ആയതിന് തുടർച്ചാനുമതി നൽകിയും വന്നിരുന്നു. 23.08.2023 തീയ്യതിയിലെ സ.ഉ (കൈ)നം.190/2023/ആഭ്യന്തരം ഉത്തരവ് പ്രകാരം 1200 പോലീസ് കോൺസ്റ്റബിൾ, 200 വനിതാ പോലീസ് കോൺസ്റ്റബിൾ എന്നിവയുടെ പരിശീലന തസ്തികകൾക്കായി 04.03.2023 തീയ്യതി മുതൽ ഒരു വർഷത്തേക്ക് 613 ഇൻസ്ട്രക്ഷണൽ സ്റ്റാഫ് തസ്തികകൾക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (AC, API, APSI, Havildar, Camp Follower എന്നിവ). 04.03.2024 ന് അവസാനിച്ച ടി തസ്തികകളുടെ തുടർച്ചാനുമതി ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദേശം സമർപ്പിച്ചിരുന്നു.

3) സംസ്ഥാന പോലീസ് മേധാവിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ 413 താൽക്കാലിക പരിശീലന ഇൻസ്ട്രക്ടർ തസ്തികകൾക്കും 200 ക്യാമ്പ് ഫോളോവർ തസ്തികകൾക്കും 04-03-2024 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് തുടരനുമതി നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*" 2023 ൽ PSC പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ള ട്രയിനികളിൽ ഇപ്പോൾ നിലവിലുള്ള RTPC കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രയിനികളുടെ പരിശീലനം അവസാനിക്കുന്നതു വരെ GO(Ms)59/2020/Home dated: 04/03/2020 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള അനുപാതം പാലിച്ച് കൊണ്ട് അനുവദനീയമായ എണ്ണം പരിശീലക തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതിന് അനുമതി നൽകുന്നു. ടി കാലാവധി അവസാനിച്ചതിന് ശേഷം തുടർച്ചാനുമതിയിൽ പ്രവർത്തിക്കുന്ന പരിശീലക തസ്തികകൾ ഒഴിവാക്കി കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം 2024 ൽ PSC പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും ഓരോ ബറ്റാലിയനുകളിലും ലഭിച്ച PSC അഡ്വൈസുകളുടെ എണ്ണം വ്യക്തമാക്കി പരിശീലക തസ്തികകളുടെ തുടർച്ച അനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിയ്ക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിയ്ക്കുന്നു. ഇപ്പോൾ തുടർച്ച അനുമതി അനുവദിയ്ക്കുന്ന താൽക്കാലിക പരിശീലക തസ്തികകൾ കണക്കിലെടുത്ത് RTPC നിയമനം നടത്താൻ പാടില്ല എന്നും 2023 ലെ ലിസ്റ്റ് പ്രകാരം നിയമനം ലഭിച്ച് പരിശീലനത്തിൽ തുടരുന്ന മുഴുവൻ ട്രയിനികളെയും റഗുലർ തസ്തികകളിൽ നിയമിച്ച ശേഷം ഒഴിവുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയതിന് ശേഷം ടി ഒഴിവുകളിലേക്ക് മാത്രമേ പുതിയ ട്രയിനികളെ പരിശീലനത്തിൽ പ്രവേശിപ്പിക്കാവൂ എന്നും ടി എണ്ണം സർക്കാരിൽ വിവരത്തിനായി ലഭ്യമാക്കണം എന്ന് പോലീസ് മേധാവിയെ അറിയിക്കുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിയ്ക്കുന്നു. "*

4) 2023 ലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള 1454 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർ വിവിധ ബറ്റാലിയനുകളിൽ നിന്നായി അടുത്തിടെ ട്രെയിനിങ് പൂർത്തിയാക്കിയിട്ടുണ്ട്. G.O (P) No. 222/2024/Home dated 15/10/2024 പ്രകാരം അനുവദിച്ചിട്ടുള്ള 1200 താൽക്കാലിക പോലീസ് കോൺസ്റ്റബിൾ പരിശീലന തസ്തികകളും മറ്റ് ഒഴിവുകളും കണക്കാക്കി 2024 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി 1836 പോലീസ് കോൺസ്റ്റബിൾ (PC) ഒഴിവുകളും 210 വനിതാ പോലീസ് കോൺസ്റ്റബിൾ (WPC) ഒഴിവുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്

(PSC) റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഒഴിവുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ഉടൻ PSC നൽകുമെന്ന് പ്രതീക്ഷിക്കുന്നതായും പോലീസ് മേധാവി അറിയിക്കുകയുണ്ടായി. നിലവിൽ, 1276 റിക്രൂട്ട് പൊലീസ് കോൺസ്റ്റബിൾമാർ (RtPCs) വിവിധ ബറ്റാലിയനുകളിൽ പരിശീലനത്തിലുണ്ട്. കൂടാതെ, 2,046 ഒഴിവുകൾ (1836 പുരുഷ കോൺസ്റ്റബിൾമാർക്കും 210 വനിതാ കോൺസ്റ്റബിൾമാർക്കും) പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലേക്ക് PSC ഉടനെ ശിപാർശ നൽകുന്നതാണെന്നും അങ്ങനെയായാൽ ആകെ 3,322 റിക്രൂട്ട് പൊലീസ് കോൺസ്റ്റബിൾമാർ (RtPCs) [1276 പരിശീലനത്തിലിരിക്കുന്നവർ + (1836 പുരുഷ കോൺസ്റ്റബിൾമാർ + 210 വനിതാ കോൺസ്റ്റബിൾമാർ)] എന്നിവർക്ക് വരും മാസങ്ങളിൽ പരിശീലനം നൽകേണ്ടതുണ്ട്. ടി സാഹചര്യത്തിൽ, പോലീസ് വകുപ്പിന് 413 ഇൻസ്ട്രക്ഷണൽ തസ്തികകളും (300 ഹവിൽദാർമാർ, 75 ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാർ, 25 ആംഡ് പോലീസ് ഇൻസ്പെക്ടർമാർ, 13 അസിസ്റ്റന്റ് കമാൻഡന്റുമാർ) 200 ക്യാമ്പ് ഫൊളോവർ തസ്തികകളും ആവശ്യമുള്ളതായും ഇത് GO(Ms)59/2020/Home dated: 04/03/2020 സർക്കാർ ഉത്തരവിലുള്ള അനുപാതങ്ങൾ അനുസരിച്ചാണെന്നും അതിനാൽ, 04/03/2024 മുതൽ ഒരു വർഷത്തേക്ക് ഈ 613 താൽക്കാലിക തസ്തികകളുടെ തുടർച്ചയ്ക്ക് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അപേക്ഷിച്ചിരുന്നു.

5) തുടർന്ന് ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-

" *നിലവിൽ പരിശീലനത്തിൽ ഇരിക്കുന്ന 1276 റിക്രൂട്ട് പൊലീസ് കോൺസ്റ്റബിൾ (RTPCs) എണ്ണത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 248 ഇൻസ്ട്രക്ഷണൽ തസ്തികകൾക്ക് നിലവിൽ പരിശീലനത്തിൽ ഇരിക്കുന്ന ബാച്ചിന്റെ പരിശീലനം ആരംഭിച്ച തീയതി മുതൽ പാസിംഗ് ഔട്ട് തീയതി വരെ പരമാവധി ഒരു വർഷത്തേക്ക് സൃഷ്ടിക്കുവാൻ അനുമതി നൽകുന്നു.*

*Havildar-127,*

*APSI-31,*

*API-5,*

*Camp follower -85*

*Total- 248*

*PSC ഇനിയും അഡ്വൈസ് ചെയ്തിട്ടില്ലാത്ത പരിശീലന തസ്തികളുടെ (RTPC) കാര്യത്തിൽ പിഎസ്‌സി അഡ്വൈസ് ലഭിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചതിനു ശേഷം പരിശീലനം തുടങ്ങാൻ ആരംഭിക്കുന്ന തീയതി വ്യക്തമാക്കി പരിശീലക തസ്തികൾ (instructional posts) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു.*

*ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

6) പോലീസ് സേനയിലെ പ്രാഥമികതലം മുതൽ ഉയർന്ന പ്രാഗത്ഭ്യം ആവശ്യമുള്ള തസ്തികകൾ വരെയുള്ള നിയമനത്തിന് കഠിനമേറിയ പരിശീലനം നൽകുന്നതിന് പ്രാപ്തമായ സംവിധാനം ഉണ്ടാകേണ്ടത് പ്രൊഫഷണൽ സമീപനത്തിന്റെ ഭാഗമാണ്. എല്ലാ സേനാംഗങ്ങൾക്കും പരിശീലനം നൽകുന്നതിന് പോലീസിന്റെ പരിശീലനകേന്ദ്രങ്ങൾ വിനിയോഗിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. തുടർ പരിശീലനവും നൽകിവരുന്നുണ്ട്.

അനിവാര്യമായ ഘട്ടങ്ങളിൽ ക്രമസമാധാനപരിപാലനത്തിന് പരിശീലനത്തിനായി നിയോഗിച്ചിട്ടുള്ള ഉയർന്ന ഉദ്യോഗസ്ഥരെയടക്കം വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പരിശീലനത്തിന് തടസ്സം ഉണ്ടാകാതിരിക്കാനാണ് 2010-ൽ ഇൻസ്ട്രക്ഷണൽ തസ്തികകൾ താൽക്കാലികമായി അനുവദിച്ചത്. ആവശ്യം വിലയിരുത്തി തുടർച്ചാനുമതിയും നൽകിയിരുന്നു. 2020-ൽ ഈ തസ്തികകളുടെ എണ്ണം 613 ആയി ധനവകുപ്പ് കുറവ് ചെയ്തു.

ഈ തസ്തികകളിൽ പ്രൊമോഷൻ തസ്തികകളായ ഹവിൽദാർ മുതൽ അസിസ്റ്റന്റ് കമാൻഡന്റ് വരെയുണ്ട്. സേനയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ഒരു റിക്രൂട്ട്മെന്റ് പൂർത്തിയാകുന്നതിന് തുടർച്ചയായി അടുത്ത പട്ടിക

പ്രസിദ്ധീകരിക്കപ്പെടും. സമാനമാണ് മറ്റ് യൂണിഫോം സർവ്വീസിലെയും തെരഞ്ഞെടുപ്പ് രീതി. അതുകൊണ്ടുതന്നെ പരിശീലനകേന്ദ്രത്തിൽ ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവരുടെ ചുമതലകൾ പ്രധാനമാണ്. ഒരു തസ്തിക പോലും ഒഴിവാക്കുവാൻ പറ്റുന്ന സാഹചര്യമല്ല.

7) ടി സാഹചര്യത്തിൽ നിലവിൽ വിവിധ ബറ്റാലിയനുകളിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിങ് നടക്കുന്നതിനാലും പുതിയ റാങ്ക് ലിസ്റ്റ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സാഹചര്യത്തിലും 413 പരിശീലക തസ്തികകൾക്കും കൂടാതെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഭക്ഷണം, പരിശീലനത്തിന് വേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി 200 ക്യാമ്പ് ഫോളോവർ (കുക്ക്/ബാർബർ/സ്വീപ്പർ) തസ്തികകൾക്കും തുടർച്ചാനുമതി ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും 03.03.2024 തീയ്യതിയിൽ അവസാനിച്ച താത്കാലിക പരിശീലന തസ്തികകളുടെ തുടർച്ചാനുമതി 2026 മേയ് 31 വരെ നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിക്കുകയുണ്ടായി. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് സായുധ പോലീസ് ബറ്റാലിയനിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിനായി 413 താൽക്കാലിക പരിശീലന തസ്തികകൾക്കും 200 ക്യാമ്പ് ഫോളോവർ തസ്തികകൾക്കും ( മൊത്തം 613 തസ്തികകൾ) 04.03.2024 മുതൽ 2026 മേയ് 31 വരെ തുടർച്ചാനുമതി നൽകാമോ?